# കർമമാണ് മുഖ്യം

## അബ്ദുൽജബ്ബാർ കൂരാരി

عَن أَنَس بن مَالِك رَضِي اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: يَتْبَعُ المَيِّتَ ثَلاثَةٌ فَيَرْجِعُ اثْنَانِ وَيَبْقَى وَاحِدٌ، يَتْبَعُهُ أَهْلُهُ وَمَالُهُ وَعَمَلُهُ فَيَرْجِعُ أَهْلُهُ وَمَالُهُ وَيَبْقَى عَمَلُهُ

**അനസി(റ)ൽനിന്ന്: റസൂൽ(സ) പറഞ്ഞു: "മയ്യിത്തിനെ മൂന്ന് കാര്യങ്ങൾ പിന്തുടരും. രണ്ടെണ്ണം മടങ്ങിവരും. ഒന്ന് കൂടെ നിൽക്കും. സമ്പത്ത്, കുടുംബം, കർമം എന്നിവ അവനെ പിന്തുടരും. കുടുംബക്കാരും സമ്പത്തും തിരിച്ചു വരും. കർമം അവശേഷിക്കും." (മുസ്‌ലിം)**

**മരണം** സുനിശ്ചിതവും അനിവാര്യവുമത്രെ. അതിൽനിന്ന് ഒളിച്ചോടാൻ ആർക്കുമാവില്ല.

അല്ലാഹുവിന്റെ അതിരില്ലാത്ത അനുഗ്രഹങ്ങളുടെ നിറവിലാണ് മനുഷ്യൻ ഇവിടെ ജീവിക്കുന്നത്. സമ്പത്തും കുടുംബവും ജീവിതത്തെ ആസ്വാദ്യകരമാക്കുന്നു. കുടുംബത്തിന്റെ താങ്ങും സമ്പത്തിന്റെ തണലുമില്ലാതെ ഇവിടെ ജീവിക്കുക അസാധ്യം!

ഐഹിക ജീവിതത്തിലെ ക്ഷണിക വിഭവങ്ങൾ മാത്രമാണിവ. സൽകർമം മാത്രമാണ് ശാശ്വതം! കൈവന്ന സമ്പൽസമൃദ്ധിയിൽ നിഗളിച്ചു സമയം കളയാതെ അനശ്വര ലോകത്തിലേക്ക് ആവശ്യമായ വിഭവങ്ങൾ വാരിക്കൂട്ടി സ്വർഗത്തിൽ സ്ഥാനമുറപ്പിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്.

അലക്സാണ്ടർ ചക്രവർത്തിയുടെ വാക്കുകൾ ശ്രദ്ധേയമാണ്: "എന്നെ അടക്കം ചെയ്യുമ്പോൾ എന്റെ രണ്ടു കൈകളും ശവപ്പെട്ടിയുടെ വെളിയിൽ ഇട്ടിരിക്കണം. അതിൽ ഇങ്ങനെ എഴുതിവെക്കണം; അലക്സാണ്ടർ ചക്രവർത്തി മരിച്ചിരിക്കുന്നു. പക്ഷേ അദ്ദേഹത്തിന്റെ കൈകൾ ശൂന്യമായിരുന്നു." ആരും ഒന്നും ഇവിടെനിന്ന് കൊണ്ടുപോകുന്നില്ലെന്ന് സാരം.

അല്ലാഹു പറയുന്നു: "സമ്പത്തും സന്താനങ്ങളും ഇഹലോക ജീവിതത്തിന്റെ അലങ്കാരങ്ങളാകുന്നു. എന്നാൽ ബാക്കിയാകുന്ന സൽകർമങ്ങൾക്കാണ് നിന്റെ രക്ഷിതാവിങ്കൽ നല്ല പ്രതിഫലം പ്രതീക്ഷിക്കാനുള്ളത്" (18:46).

ധനത്തിനും കുടുംബത്തിനും വലിയ മൂല്യമുണ്ട്. എന്നാൽ ഭൗതിക ജീവിതത്തെ പാരത്രിക മാനദണ്ഡം കൊണ്ട് അളന്ന് നോക്കാനാണ് ഖുർആൻ ഓർമിപ്പിക്കുന്നത്. എന്ന് കരുതി സമ്പത്തും സന്താനങ്ങളും നിരാകരിക്കുന്നില്ല ഇസ്‌ലാം. അത് ആത്യന്തിക ലക്ഷ്യമാക്കരുതെന്നാണ് കൽപന.

സൽകർമങ്ങളാണ് സത്യവിശ്വാസിയുടെ യഥാർഥ സമ്പത്ത്. ഇന്നത്തെ സുഖാഡംബരങ്ങൾക്കു വേണ്ടി തന്റേതെല്ലാം ധൂർത്തടിച്ചു നശിപ്പിക്കുകയും പരലോകത്തിന് വേണ്ടതൊന്നും കരുതാതെ ജീവിക്കുകയും ചെയ്താൽ സ്വന്തം കാലിൽ കോടാലിവെക്കുന്നതിന് സമമാണത്.

സമ്പത്തും സന്താനങ്ങളും തുണയേകാത്ത ആ നാളുകളെക്കുറിച്ച ഓർമ നമുക്കുണ്ടാവണം. ഖബറിലെത്തുന്നത് വരെ ഇവയുടെ സേവനം നമുക്ക് ലഭിക്കും. അവിടന്നങ്ങോട്ട് നമുക്ക് തുണ 'സൽകർമങ്ങൾ' മാത്രമാണ്. ■